MISSION KOLLAM
KOLLAM CORPORATION

കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ നടപ്പിലാക്കുന്ന നവകേരള മിഷന്റെ ഭാഗമായി കൊല്ലം കോർപ്പറേഷൻ വരുന്ന 25 വർഷം ലക്ഷ്യമാക്കിയുള്ള പ്രവർത്തനദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുന്നു. എല്ലാ മേഖലകളെയും ലക്ഷ്യമാക്കിയുള്ള ആ പദ്ധതി പ്രവർത്തനങ്ങൾക്ക് 'കൊല്ലം മിഷൻ' എന്ന പേരിൽ ലോഗോ തയ്യാറാക്കിയിരിക്കുന്നു.

അസ്ത്രആകൃതിയിലുള്ള ലോഗോയുടെ മുകൾഭാഗം പുരോഗതിയിലേക്കുള്ള ചുവടുവയ്പിനെ ലക്ഷ്യമാക്കുന്നു. അതിന്റെ ചിറകുകൾ പോലെയുള്ള ഭാഗങ്ങളിൽ കടൽ അതിരിടുന്ന കൊല്ലം നഗരത്തിന്റെ ചരിത്രപ്രധാന്യത്തിന്റേയും, ഏറെ വാഴ്ത്തപ്പെട്ട കൊല്ലത്തിന്റെ ഹരിതഭംഗിയുടേയും സൂചകങ്ങളായ നിറങ്ങൾ നൽകിയിരിക്കുന്നു. വളർന്നുവരുന്ന നഗരത്തെ ചിത്രണം ചെയ്ത ഈ ഭാഗം ഹരിതവും നീലയും വർണ്ണങ്ങളിലാണ്.

മുകളിലേക്കുള്ള ഭാഗത്ത് ആകാശനിറത്തിന്റെ പശ്ചാത്തലത്തിൽ പടർന്നുപന്തലിച്ച മരം ചിത്രീകരിച്ചിരിക്കുന്നു. പ്രകൃതിയിലേക്ക് മടങ്ങിയും ആകാശം പോലെ അതിരുകളില്ലാത്തതുമായ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നതെന്ന് ഇതിലൂടെ വ്യക്തമാക്കുന്നു.

വശത്തായി കൊല്ലം മിഷൻ എന്ന് എഴുതിയിരിക്കുന്നു. കൊല്ലത്തിന്റെ ഇന്നിന്റേയും ഇന്നലകളുടേയും ചരിത്രം സാക്ഷ്യപ്പെടുത്തുന്ന കശുഅണ്ടിയെ സുവർണവർണത്തിൽ ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതിന് താഴെയായി കൊല്ലം കോർപ്പറേഷൻ എന്ന ലിഖിതവും.